ഉത്തരം

DRIQ ബോർഡിന്റെ മേൽനോട്ടത്തിലും RITES, LBS എന്നീ ഏജൻസികൾ മുഖേനയും സംസ്ഥാനത്തെ പാലങ്ങളുടെ സുരക്ഷയെപ്പറ്റി പഠനം നടത്തിയിട്ടുണ്ട്. കൂടാതെ ദേശീയ പാതയിലെ പാലങ്ങളുടെ സുരക്ഷയെപ്പറ്റി എല്ലാവർഷവും പ്രത്യേക പഠനം നടത്തിവരുന്നുണ്ട്.

**തൃപ്രയാർ പാലത്തിന്റെ സുരക്ഷിതത്വം**

**124 (2843)** ശ്രീ ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ നാട്ടിക നിയോജകമണ്ഡലത്തിലെ തൃപ്രയാർ പാലത്തിന്റെ സുരക്ഷിതത്വം പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പാലം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പരിശോധനയിൽ പാലത്തിന് ബലക്ഷയം ഉള്ളതായി കണ്ടില്ല. ചോദ്യം ഉദിക്കുന്നില്ല.

**ഫറോക്ക് പാലത്തിന്റെ ശോച്യാവസ്ഥ**

**125 (2844)** ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫറോക്ക് പഴയ പാലത്തിന്റെ ശോച്യാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പാലത്തിന്റെ നവീകരണ പ്രവർത്തനത്തിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) പാലത്തിന്റെ അറ്റകുറ്റപ്പണികൾ കൃത്യമായി നടത്താറില്ലെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അറ്റുകുറ്റപ്പണികൾ കൃത്യമായി നടത്തുന്നതിനും, നവീകരണ നടപടികൾ സ്വീകരിക്കാനും സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ-ഡി) ഫറോക്ക് പഴയ പാലത്തിന്റെ അറ്റുകുറ്റപ്പണികൾ യഥാസമയം നടത്തി വരുന്നുണ്ട്. ഈ പാലം നവീകരിക്കുന്നതിന് വിശദമായ പരിശോധനകൾ ആവശ്യമാണ്.



LIBRARY ARCHIVES Kerala Legislative Assembly